**No.2626/MDA/2012/TA4 /CEE**

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## പി. ജി ആയുർവ്വേദ (എം.ഡി.ആയുർവ്വേദ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2012-13

1. തിരുവനന്തപുരത്തും, തൃപ്പൂണിത്തുറയിലും, കണ്ണൂരിലുമുള്ള സർക്കാർ ആയുർവ്വേദ കോളേജുകളിലും കോട്ടയ്ക്കൽ VPSV ആയുർവ്വേദ കോളേജിലും 2012-13 അദ്ധ്യയന വർഷത്തെ താഴെ പറയുന്ന ആയുർവ്വേദ ബിരുദാനന്തര ബിരുദ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

   (i)കായചികിത്സ, (ii)ശാലക്യതന്ത്രം, (iii)രസശാസ്ത്രം (iv)ഭൈഷജ്യകല്പനം, (v) ദ്രവ്യഗുണ വിജ്ഞാനം, (vi) സ്വസ്ഥവൃത്തം (vii) പ്രസൂതി തന്ത്രവും സ്ത്രീരോഗവും, (viii) ആയുർവ്വേദ സിദ്ധാന്തവും ദർശനവും (ix) പഞ്ചകർമ്മ, (x) കൗമാരഭൃത്യ (xi) ശല്യതന്ത്രം (xii) മാനസിക (xiii) അഗദതന്ത്രം, (xiv) ക്രിയാശാരീരം, (xv) രോഗനിദാനം

2. <u>പ്രവേശനത്തിനുവേണ്ട യോഗ്യതകൾ:</u>

(i) **നേറ്റിവിറ്റി:** അപേക്ഷകൻ ഇൻഡ്യൻ പൗരനായിരിക്കണം.

(ii) **വയസ്സ്:** അപേക്ഷകർ 2012 ഏപ്രിൽ 30–ാം തീയതി 45 വയസ്സ് കഴിയാത്തവരായിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്കും സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർക്കും 5 വർഷത്തെ വയസ്സിളവ് ഉണ്ടായിരിക്കുന്നതാണ്.

(iii) **വിദ്യാഭ്യാസ യോഗ്യതകൾ**: സി.സി.ഐ.എം അംഗീകാരമുള്ള കോളേജുകളിൽ നിന്നോ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നു ലഭിച്ചതോ അല്ലെങ്കിൽ കേരളത്തിലെ ഒരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതുമായ ബി.എ.എം.എസ്./ ആയുർവ്വേദാചാര്യ/ ബി.എ.എം. ബിരുദം. അപേക്ഷകർ ഓരോ വിഷയത്തിലും തിയറിക്കും പ്രാക്ടിക്കൽ പരീക്ഷയ്ക്കും പ്രത്യേകമായി 50 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയിട്ടുള്ളവരായിരിക്കണം. എന്നാൽ 1995നു മുമ്പ് കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നും ബി.എ.എം.എസ്/ബി.എ.എം. പരീക്ഷ പാസ്സായിട്ടുള്ളവർക്ക് തിയറിക്കും പ്രാക്ടിക്കലിനും 50 ശതമാനം മാർക്ക് നേടണമെന്നുള്ള നിബന്ധനയില്ല. 30.04.2012നോ അതിനുമുമ്പായോ ഇന്റേൺഷിപ്പ് പരിശീലനം പൂർത്തിയാക്കിയവർക്ക് പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഇവർ പ്രവേശനത്തിനു മുമ്പായി ബന്ധപ്പെട്ട മെഡിക്കൽ കൗൺസിലിൽ നിന്നുമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

3. **തെരഞ്ഞെടുപ്പും പ്രവേശന പരീക്ഷയും**: സംസ്ഥാനത്തെ ആയുർവ്വേദ കോളേജുകളിലെ അദ്ധ്യാപകർ, ഐ.എസ്.എം. വകുപ്പിലെ മെഡിക്കൽ ഓഫീസർമാർ, ലക്ഷദ്വീപിൽ നിന്നുള്ള നോമിനികൾ, ഫോറിൻ സ്റ്റുഡൻസ് എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ളവയൊഴികെയുള്ള സീറ്റുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ അപേക്ഷകരെ തെരഞ്ഞെടുക്കുന്നതാണ്.

   പ്രവേശന പരീക്ഷ **2012 ഒക്ടോബർ മാസം 14–ാം തീയതി (ഞായറാഴ്ച) തിരുവനന്തപുരത്തു** നടത്തുന്നതാണ്. പ്രവേശനപരീക്ഷയ്ക്ക് 2 മണിക്കൂർ വീതം ദൈർഘ്യമുള്ള 150 ചോദ്യങ്ങൾ വീതമുള്ള രണ്ടു പേപ്പറുകൾ ഉണ്ടായിരിക്കും. പരീക്ഷ ഒബ്ജക്റ്റീവ് മാതൃകയിലുള്ളതായിരിക്കും.

4. **അപേക്ഷ സമർപ്പിക്കേണ്ട വിധം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകരും **<u>www.cee.kerala.gov.in</u>** എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള പൊതു അപേക്ഷാഫോം ഉപയോഗിച്ച് **ഓൺലൈനായി 13/09/2012 മുതൽ 25/09/2012, വൈകുന്നേരം 5 മണി വരെ** അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പ്രോസ്പെക്ടസ്സും ഇതേ വെബ്സൈറ്റിൽ **13.09.2012 (വ്യാഴാഴ്ച )** മുതൽ ലഭ്യമാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പ്രോസ്പെക്ടസ്സ് ക്ലോസ് 12 ൽ വിശദമാക്കിയിട്ടുണ്ട്. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം അപേക്ഷയുടെ പ്രിന്റ്ഔട്ട് എടുക്കേണ്ടതും, അതിനോടൊപ്പം ലഭിക്കുന്ന ബാങ്ക് ചെലാൻ ഉപയോഗിച്ച് SBT യുടെ ഏതെങ്കിലും ശാഖയിൽ അപേക്ഷാ ഫീസ് അടയ്ക്കേണ്ടതുമാണ്. ജനറൽ/സർവ്വീസ് വിഭാഗം

അപേക്ഷാഫീസ് **1000/– രൂപ**; SC/ST വിഭാഗം അപേക്ഷാഫീസ് **500/-രൂപ.** കേരളത്തിൽ നിന്നുള്ള അപേക്ഷാർത്ഥികൾ അപേക്ഷാഫോറത്തിനോടൊപ്പം ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് എസ്.ബി.റ്റി യുടെ ഏതെങ്കിലും ഒരു ശാഖയിൽ അപേക്ഷാ ഫീസ് അടയ്ക്കേണ്ടതാണ്. കേരളത്തിനു വെളിയിൽ നിന്നുമുള്ള അപേക്ഷാർത്ഥികൾ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലോ/ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിലോ അപേക്ഷാഫോറം ലഭിക്കുന്നതല്ല.

വിവിധ സർവ്വീസ് ക്വാട്ട സീറ്റുകളിലേയ്ക്ക് അപേക്ഷിക്കുന്നവർ അപേക്ഷാ ഫീസ് 0210–02–101–99 എന്ന ഹെഡ്ഡിൽ ട്രഷറിയിൽ (**1000/–രൂപ**)അടയ്ക്കേണ്ടതാണ്. ഇവർ ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കേണ്ടതും, ഒറിജിനൽ ചെലാൻ രസീത് അതിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5. ജനറൽ ക്വാട്ട സീറ്റുകളിൽ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രവേശനം ആഗ്രഹിക്കുന്ന അപേക്ഷകർ, പൂരിപ്പിച്ച അപേക്ഷാ ഫോറം **2012 സെപ്റ്റംബർ 26–ാം തീയതി ബുധനാഴ്ച വൈകുന്നേരം 5 മണിക്കു** മുമ്പായി നേരിട്ടോ രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം–695 001** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. സർവ്വീസ് ക്വോട്ടയിൽ അപേക്ഷിക്കുന്നവർ പൂരിപ്പിച്ച അപേക്ഷഫോറം ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും ചെലാൻ രസീതും സഹിതം ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർ മുഖേന **26.09.2012 വൈകുന്നേരം 5 മണിക്ക് മുമ്പ്** ലഭിക്കത്തക്കവിധത്തിൽ **ആയുർവ്വേദ ഡയറക്ടർ, ആരോഗ്യഭവൻ, എം.ജി.റോഡ്, തിരുവനന്തപുരം** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

   **26.09.2012 വൈകുന്നേരം 5 മണിക്ക്** ശേഷം ലഭിക്കുന്നതുൾപ്പെടെ വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് കമ്മീഷണറോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ഉത്തരവാദികളായിരിക്കുകയില്ല.

6. അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധമായി യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണാനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള ഏതെങ്കിലും സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഒരു കാരണവശാലും പ്രവേശനപരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.
7. **അഡ്മിറ്റ് കാർഡ്-** പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് പ്രവേശന പരീക്ഷാകമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സെറ്റിൽ നിന്നും **04.10.2012 (വ്യാഴാഴ്ച)** മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.
8. എസ്.സി/എസ്.ടി വിഭാഗങ്ങൾ അപേക്ഷാഫോമിൽ നിശ്ചിത ഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റുകൾ അപേക്ഷാഫോമിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റ് പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കുന്നതല്ല.
9. പ്രവേശന പരീക്ഷയിലെ റാങ്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നതാണ്.
10. സർവ്വീസ് ക്വോട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്, സീറ്റ് അലോട്ട്മെന്റ്, അഡ്മിഷൻ എന്നിവ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ്സിലെ നിബന്ധനകൾക്ക് വിധേയമായി ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്നതാണ്.
11. മറ്റ് വിശദാംശങ്ങൾ സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസിൽ ലഭ്യമാണ്. (www.cee-kerala.org' എന്ന വെബ്സൈറ്റ് കാണുക)

തിരുവനന്തപുരം

13 .09.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**